**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 647** **05-10-2021 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര വൈദ്യുതി ഉത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രതിവർഷ ആഭ്യന്തര വൈദ്യുതി ഉത്പാദനം എത്രയാണ്; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ടോ; | (എ) | 2020-21 വർഷത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം 7637.83 MU ആയിരുന്നു. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ (2016-17 മുതൽ 2020-21 വരെ) പരിശോധിക്കുകയാണെങ്കിൽ 2020-21 ലെ ആഭ്യന്തര വൈദ്യുതി ഉത്പാദനം 2018-19 ഒഴികെയുള്ള മറ്റ് വർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ 5 വർഷത്തെ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി കമ്മി എത്രയാണ്; കമ്മി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | അതത് സമയത്തെ വൈദ്യുതി ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കമ്മിയായോ മിച്ചമായോ മാറുന്നു. പീക്ക് സമയത്താണ് സാധാരണ വൈദ്യുതി കമ്മി അനുഭവപ്പെടുന്നത്. ലഭ്യതയിലുണ്ടാകുന്ന വ്യത്യാസങ്ങൾ മൂലം ഉണ്ടാകാവുന്ന പീക്ക് സമയത്തെ വൈദ്യുതി കമ്മി പരിഹരിക്കുന്നതിനാവശ്യമായ വൈദ്യുതി പവർ എക്സ്ചേഞ്ചുകൾ വഴി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തിന് പുറത്തുനിന്നും ഇപ്പോൾ വൈദ്യുതി വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെനിന്നൊക്കെ; എത്രയാണ് വാങ്ങുന്നത്; ഇതിനായി പ്രതിവർഷം എത്ര രൂപയാണ് ചെലവഴിക്കുന്നത്? | (ഡി) | ഉണ്ട്. 2020-21 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങിയ വൈദ്യുതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി വാങ്ങുന്നതിന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം 3 -ൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| വർഷം | ആഭ്യന്തര ഉത്പാദനം (MU) |
| --- | --- |
| 2016-17 | 4599.0903 |
| 2017-18 | 5861.7325 |
| 2018-19 | 7982.8647 |
| 2019-20 | 6184 |
| 2020-21 | 7637.83 |

<u>അനുബന്ധം-2</u>

| | |
|---|---|
| കേന്ദ്രവിഹിതം | 11057.4 MU |
| ദീർഘകാലകരാർവഴി | 9035.7 MU |
| ഹ്രസ്വകാല കരാർവഴി | 289.29 MU |
| ഡി.സി.എം<br>(Deviation Settlement Mechanism) | 139.4259 MU |

<u>അനുബന്ധം-3</u>

| വർഷം | ചെലവാക്കിയ തുക(കോടിയിൽ ) |
|---|---|
| 2016-17 | 7393.32 |
| 2017-18 | 7526.03 |
| 2018-19 | 7869.32 |
| 2019-20 | 8680.00 |
| 2020-21 | 8057.93 |